**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **01-09-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമത്തിനായുള്ള കർമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്തേക്ക് നിയമവിരുദ്ധമായി നടത്തുന്ന റിക്രൂട്ട്മെന്റുകൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ടോ; പരാതികൾ അയയ്ക്കാനും ഇടപെടലുകൾ നടത്താനുമുള്ള സംവിധാനം ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. "ഓപ്പറേഷൻ ശുഭയാത്ര" പദ്ധതിയുടെ ഭാഗമായി നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പോലീസ് വകുപ്പ് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐ.ഡികളും (spnri.pol@kerala.gov.in, dyspnri.pol@kerala.gov.in) സജ്ജമാക്കിയിട്ടുണ്ട്. പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികളുടെ തൊഴിൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്താൻ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ; | (ബി) | സാധ്യത പഠനം നടത്തിവരുന്നു. |
| (സി) | നോർക്കയുടെ നേതൃത്വത്തിൽ നാഷണൽ മൈഗ്രേഷൻ കോൺഫറൻസ് നടത്തുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇതിനായി കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി പ്രാഥമിക ചർച്ചകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ